(5) കോഴിക്കോട് മെഡിക്കൽ കോളേജിൽവച്ച് നടത്തിയ റിവ്യൂ മീറ്റിംഗിലെ തീരുമാനങ്ങളിൻമേലെടുത്ത നടപടികൾ സംബന്ധിച്ച്

ശ്രീ. എം. കെ. മുനീർ : സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏതാനും നാളുകൾക്കുമുമ്പ് അങ്ങ് വരുകയും അവിടത്തെ വിവിധ ഡിപ്പാർട്ടുമെൻറ് ഹെഡ്ഡുകളെ ഒരുമിച്ചുകൂട്ടി ഒരു യോഗം വിളിച്ചു കൂട്ടുകയുമുണ്ടായി. അങ്ങയുടെ കർമ്മോൽസുകതകൊണ്ട് കോഴിക്കോട് മെഡിക്കൽകോളേജിന് ധാരാളം പുരോഗതിയുണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ വളരെ കൃതജ്ഞതാപൂർവ്വം ഇവിടെ ഓർക്കുകയാണ്. പക്ഷേ ആ റെവ്യൂ മീറ്റിംഗ്കൊണ്ട് ഉണ്ടായിട്ടുള്ള പുരോഗതി എന്താണെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. പ്രത്യേകിച്ചും അന്ന് അങ്ങവിടെ പറഞ്ഞ ചില കാര്യങ്ങൾ ഇപ്പോൾ നടപ്പിൽ വരുന്നുണ്ട്, മറ്റു ചിലകാര്യങ്ങൾ നടപ്പിൽ വരാതെ കിടക്കുന്നുമുണ്ട്. അതിനുശേഷം ഉയർന്ന ചില പ്രശ്നങ്ങളുമുണ്ട്. ഉദാഹരണത്തിന് ഞങ്ങൾ അവിടത്തെ പോസ്റ്റുമോർട്ടം നടത്തുന്ന റൂമിലെ ചിലപരിമിതികളെക്കുറിച്ച് പറഞ്ഞിരുന്നു. അവിടത്തെ മോർച്ചറിയിലെ ഫ്രീസർ പല ഘട്ടങ്ങളിലും വർക്ക് ചെയ്യാതെ പോകുന്നു. ഈ അടുത്തകാലത്തുതന്നെ പന്തിരാംകാവിൽ മണ്ണിടിഞ്ഞ് ഒരു തമിഴ് കുടുംബത്തിലെ മൂന്നുനാലുപേർ മരണമടയുകയുണ്ടായി. എന്നാൽ ആ മരണപ്പെട്ട ആളുകളുടെ ബോഡികൾ ആശുപത്രിയിൽ കൊണ്ടുവന്നിട്ട് അത് പോസ്റ്റ് മോർട്ടം ചെയ്തുകിട്ടാനായി എതാണ്ട് ഒന്നൊന്നര ദിവസത്തോളമെടുത്തു. എന്നാൽ ഈ കാലതാമസത്തിന് അവിടത്തെ അധികൃതർ നൽകിയ മറുപടി അവിടെയുള്ള ഫ്രീസർകേടായതുകൊണ്ടാണ് പോസ്റ്റുമോർട്ടം നടത്തുന്നതിന് കാലതാമസം വന്നതെന്നാണ്. മാത്രമല്ല മരണപ്പെട്ടവരുടെ ബോഡികൾ വളരെനേരം പുറത്തുകിടക്കുകയും വളരെ ശോകമൂകമായ ഒരു രംഗം അവിടെ ഉണ്ടാക്കുകയും ചെയ്തു. ഒരമ്മ തന്റെ കുഞ്ഞ് നഷ്ടപ്പെട്ട്, ഭർത്താവ് നഷ്ടപ്പെട്ട് വളരെ മനോവ്യഥയോടെ വൈകുന്നേരം വരെ ആ മൃതശരീരങ്ങൾ പോസ്റ്റ്മോർട്ടം നടത്തിക്കിട്ടി, അതു തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നതിനായി മോർച്ചറിക്കുസമീപം കാത്തിരിക്കുന്ന ദയനീയമായ ചിത്രം നമ്മുടെ ഇവിടെയുള്ള പത്രങ്ങളിലൊക്കെ വന്നിട്ടുണ്ടായിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽ വന്നീരിക്കില്ലായെന്ന് ഞാൻ കരുതുന്നു. എതായാലും ഞങ്ങളുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യം കാണിക്കുന്ന നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നും ഇതുവരെ അവിടെ നടന്ന പ്രവർത്തനങ്ങൾ എതുവരെ എത്തിയെന്ന് ഈ സഭയെ അറിയിക്കണമെന്നും ഞാനഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ) : സാർ, കഴിഞ്ഞ ഓഗസ്റ്റുമാസത്തിൽ ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോടൊപ്പം കോഴിക്കോട് മെഡിക്കൽകോളേജിലേക്ക് പോവുകയും നിയമസഭാ സാമാജികൻമാർ, ആശുപത്രിവികസന സമിതിയംഗങ്ങൾ, അവിടത്തെ വകുപ്പുമേധാവികൾ, മറ്റു ജീവനക്കാർ എന്നിവരുമായി ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന ആശയവിനിമയം നടത്തുകയുണ്ടായി, അവിടെ അന്ന് പൊതുവായി ഉയർന്നുവന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ നടപ്പിലാക്കുമെന്ന് ഗവൺമെൻറ് പറഞ്ഞിരുന്നു, എന്നാൽ മറ്റ് ചിലകാര്യങ്ങൾ നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കാമെന്നും

LIBRARY ARCHIVES Kerala Legislative Assembly

അന്ന് ഗവൺമെൻറ് ഉറപ്പ് നൽകിയിരുന്നു. ഒരുകാര്യം ചാരിതാർത്ഥ്യത്തോടുകൂടി ഞാൻ പറയട്ടെ, അന്ന് അവിടെ ഗവൺമെൻറ് നടപ്പിലാക്കുമെന്ന് പറഞ്ഞ കാര്യങ്ങളിൽ ഏറിയകൂറും അതായത് 99%വും നടപ്പിലാക്കാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുകയും അതിനാവശ്യമായ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ട് എനിക്ക് പറയാനുള്ളത് കോഴിക്കോട് മെഡിക്കൽകോളേജിൽ ക്യാത്ത്ലറി കാർഡിയാക്ക് കത്തീറ്ററൈസേഷൻ ലാബ് സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നതിനെക്കുറിച്ചാണ്. കെ. എച്ച്. ആർ.ഡബ്ലിയു. എസ്-ൻെറ കീഴിലാണ് അത് സ്ഥാപിക്കുവാനുദ്ദേശിച്ചത്. അതിനുവേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി, അതു വാങ്ങുന്നതിനുള്ള ഓർഡർ നൽകിക്കഴിഞ്ഞു. 3.5 കോടിയിലധികം രൂപ ചെലവുവരുന്ന ഒരു ലാബ് സ്ഥാപിക്കുന്നതോടുകൂടി കോഴിക്കോട് മെഡിക്കൽ കോളേജിൻെറ കാര്യത്തിൽ വൻപിച്ച നേട്ടമാണ് ഉണ്ടാവാൻ പോകുന്നത്. അവിടെ ആൻജിയോഗ്രാം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി കാലങ്ങളായി കാത്തിരുന്ന മലബാറിലെ ആളുകൾക്ക് അതൊരു വലിയ അനുഗ്രഹമായിരിക്കും. അന്ന് അവിടെ ഉയർന്നുവന്ന മറെറാരു പ്രധാനപ്പെട്ട പ്രശ്നം അവിടത്തെ കാഷ്വാലിറ്റിയിൽ എക്സ്റേ സംവിധാനമില്ല എന്നതായിരുന്നു. ഞാൻ ഇവിടെ വന്ന് എത്രയും വേഗത്തിൽ തന്നെ അവിടേക്ക് എക്സ്റേ എക്വിപ്മെൻറ് വാങ്ങുന്നതിന് ഭരണാനുമതി നൽകി, അതിൻെറ എല്ലാനടപടിക്രമങ്ങളും പൂർത്തിയായിരിക്കുകയാണ്. ഉടനെതന്നെ അത് അവിടെ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയുണ്ടായി. കുറച്ചു കാലതാമസമുണ്ടായതാണ്. പക്ഷേ ഗവൺമെൻറ് ആവശ്യമായ നടപടികൾ യഥാസമയത്ത് തന്നെ സ്വീകരിക്കുകയുണ്ടായി. ഒരു ഇ. എം. ജി. മെഷിൻ നൽകാമെന്ന് പറഞ്ഞിരുന്നു. അതിനുവേണ്ട ഉത്തരവു നൽകി, ഏതാണ്ട് 10.32 ലക്ഷം രൂപയുടെ അനുമതി അതിനുവേണ്ടി നൽകിയിട്ടുണ്ട്. ഒരു ന്യൂക്ളിയർ മെഡിസിൻ ഡിപ്പാർട്ടുമെൻറ് ഫങ്ഷൻ ചെയ്യുന്നതിനാവശ്യമായ തസ്തികകൾ അവിടെ സൃഷ്ടിച്ചിട്ടുണ്ട്. പക്ഷേ ആ തസ്തികകളിലേക്ക് റാങ്ക് ലിസ്റ് നിലവിലില്ലാത്തതിനാൽ മെഡിക്കൽ റേഡിയോ ഫൈസോടോപ്പ് ടെക്നോളജിസ്റിൻെറയും റേഡിയോ ഫിസിസിസ്റിൻെറയും തസ്തികകൾ നികത്തുന്നതിന് കഴിഞ്ഞിട്ടില്ല. ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടുമെൻറ് ആരംഭിക്കുന്നതിന് കോഴിക്കോട് ചർച്ച കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽത്തന്നെ മന്ത്രിസഭ ആനുവാദം നൽകി. സാങ്കേതികമായ യോഗ്യതയുള്ള ആളുകളെ കിട്ടാനുള്ള കാലതാമസമാണ് അതിന് വിലങ്ങുതടിയായി നിൽക്കുന്നത്. അതുപോലെതന്നെ അവിടെ മരുന്നുവാങ്ങുന്നതിന് കൂടുതൽ അലോട്ടുമെൻറ് വേണമെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിനുവേണ്ടി നിലവിലുള്ള ബഡ്ജറ് പ്രൊവിഷനുപുറമെ ഒരു കോടി രൂപ കൂടി മരുന്നു വാങ്ങുന്നതിനു അനുവദിച്ചിട്ടുണ്ട്. അതുപോലെ അവിടെ സി. ടി. സ്കാനർ 24 മണിക്കൂറും പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അതു പ്രവർത്തിപ്പിക്കുന്നതിന് യോഗ്യരായിട്ടുള്ള ആളുകൾ ലഭിക്കാനുള്ള കാലതാമസമാണ് ഉണ്ടായിരിക്കുന്നത്. ആളുകളെ കിട്ടിയാൽ അത് 24 മണിക്കൂറും പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

ശ്രീ. സി. പി. ബാലൻവൈദ്യർ : കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്കാനിംഗ് നടത്തുന്നതിന് അവിടെ 10 സ്കാൻ നടത്തുമ്പോൾ 3 എണ്ണം ഫ്രീ അനുവദിച്ചിരുന്നു. എന്നാൽ കുറെക്കാലമായിട്ട് അത് നടക്കുന്നില്ല. കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ന് അതിൻെറ പണമെല്ലാം എയിഡഡ് ആയിട്ടുള്ള നിലയിൽ മെഡിക്കൽ കോളേജിൽ തന്നെ അത് ഏൽപ്പിച്ചു കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എം. സുധീരൻ : സർ, അതിന് പ്രായോഗികമായി ചില പ്രയാസങ്ങളുണ്ട്. ഒന്ന് കെ. എച്ച്. ആർ. ഡബ്ലിയു. എസ്..ന് ഇപ്പോഴുള്ള സ്ക്കാനറിന്റെ ലൈഫ്ടൈം കഴിഞ്ഞാൽ പുതിയ സ്ക്കാനർ വാങ്ങുന്നതിനുവേണ്ട പണം കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിനിപ്പോഴം കൊടുത്തിട്ടുള്ള നിർദ്ദേശം സ്ക്കാനിംഗിൽ നിന്നുള്ള ഒരു നിശ്ചിതമായ വരുമാനം കെ. എച്ച്. ആർ. ഡബ്ലിയു. എസ്. പുതിയ സി. റ്റി. സ്ക്കാനർ വാങ്ങുന്നതിനുവേണ്ടി മാറ്റിവയ്ക്കണമെന്നാണ്. അതല്ലെങ്കിൽ സ്ക്കാനിന്റെ കാലാവധി കഴിഞ്ഞാൽപ്പിന്നെ അത് റീപ്ലെയിസ് ചെയ്യുന്നതിനുള്ള പണം വീണ്ടും കണ്ടെത്തേണ്ടിവരും. ഇന്ന് നമ്മുടെ വിലകൂടിയ സോഫിസ്റ്റിക്കേറ്റഡ് ആയിട്ടുള്ള എക്വിപ്മെന്റിന്റെ കാലാവധി കഴിഞ്ഞാൽ, അതിന്റെ ലൈഫ്ടൈം കഴിഞ്ഞാൽ റീപ്ലെയിസ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള പണം കണ്ടെത്തുന്നതിനാണ് സ്ക്കാനിംഗിൽ നിന്നുള്ള വരുമാനത്തിന്റെ ഒരുഭാഗം നീക്കിവയ്ക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള നിർദ്ദേശം കൊടുത്തിട്ടുള്ളത്. അതുകൊണ്ടു അത്തരം കാര്യങ്ങളിലൊക്കെ എടുത്തിട്ടുള്ള തീരുമാനം വിലകൂടിയ എക്വിപ്മെൻസ് ഉപയോഗിച്ചുനടത്തുന്ന ടെസ്റ്റുകൾക്ക് ഈടാക്കുന്നതുകയിൽനിന്നും ഒരു നിശ്ചിത വിഹിതം ആ ഉപകരണങ്ങളുടെ കാലാവധി കഴിഞ്ഞാൽ റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടി മാറ്റിവയ്ക്കണമെന്നാണ്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം അവിടെ സൗജന്യമായി 10% കൊടുത്തിരുന്നു. അതിന്റെ അത്രയും തത്തുല്യമായതുക ആശുപത്രി വികസന സമിതി നൽകാമെന്ന വ്യവസ്ഥയിലാണ് കൊടുത്തതെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. അതേത്തുടർന്ന് ചില ബുദ്ധിമുട്ടുകൾ വന്നിട്ടുള്ളത് ഒഴിവാക്കാനായി ശ്രമിക്കാം. ഞാൻ അക്കാര്യം പരിശോധിക്കാം. എതായാലും സ്ക്കാനർ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവെങ്കിലും അതിൽ വന്നിട്ടുള്ള ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ ടെക്നിക്കൽ യോഗ്യതയുള്ള ആളുകളെ കൂടുതൽ ശമ്പളത്തിൽ നിയമിക്കാൻ വേണ്ടി പരസ്യം ചെയ്തു. അതിനുവേണ്ട നടപടികളും സ്വീകരിച്ചുവെങ്കിലും അതിനു പറ്റിയ ആളെ കിട്ടാത്തതുകൊണ്ട് അത് പ്രയോഗത്തിൽ വന്നിട്ടില്ല. അതുകൊണ്ട് അക്കാര്യത്തിലുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. അവിടെ ഒരു പെയിൻ ക്ലിനിക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു. ഏതാണ്ട് 15.68 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിനുവേണ്ട സ്റ്റാഫിനെയും മറ്റും നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ റീനൽ ട്രാൻസ്പ്ലാന്റേഷൻ വിഭാഗത്തിന് അവരുടെ പ്രവർത്തനം ഭംഗിയായി, ഫലപ്രദമായി നടത്തുന്നതിനുവേണ്ടി കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ട തസ്തികയും അനുവദിച്ചിട്ടുണ്ട്. അവിടെ നേരത്തെ ലൈബ്രറിയിൽ സിംഗിൾ ഷിഫ്റ്റ് ആയിരുന്നു പ്രവർത്തിച്ചിരുണന്നത്. എന്നാൽ ഇപ്പോഴം രണ്ട് ഷിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജിലെ പി. ജി. ഹോസ്റ്റൽ നിർമ്മാണത്തിനായി ഏതാണ്ട് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ അപകടത്തിൽപ്പെട്ട് അടിയന്തിരചികിൽസക്കായി വരുന്ന ആളുകളെ ചികിൽസിപ്പിക്കുന്നതിനായി കാഷ്വാലിറ്റി വാർഡ് സ്ട്രെങ്തൻ ചെയ്യുന്നതിന് 32.23 ലക്ഷം രൂപയുടെ അധികസൗകര്യം അവിടെ ഏർപ്പെടുത്താൻ ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ട്. അതുപോലെ അനാട്ടമി ഡിപ്പാർട്ടുമെന്റിൽ മൈക്രോസ് കോപ്പ് വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കോഴിക്കോട്, തിരുവനന്തപുരം ഓൺറൂൾ കോളേജുകൾക്ക് സ്വതന്ത്രപദവി നൽകി. പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള 9 പേരുടെ അധിക തസ്തിക അതിനായി സൃഷ്ടിച്ചു. അതുപോലെ തന്നെ അഡീഷണലായി ഐ. എം. സി. പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വാക്ക് കൊടുത്തിരുന്നു. അത് നടപ്പിലാക്കുന്നതിനുവേണ്ടി ഏതാണ്ട് 28-ലധികം അധിക അഡീഷണൽ പോസ്റ്റ്സ് അവിടെ നൽകിയിട്ടുണ്ട്. അതിനുപുറമേ ന്യൂറോസർജറി വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടി നേഴ്സുകളുടെ തസ്തികയുൾപ്പെടെ 16-ലധികം തസ്തിക ആ വിഭാഗത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കോഴിക്കോട് മെഡിക്കൽ കോളേജിനുവേണ്ടി ഈ ഗവൺമെൻറിനെക്കൊണ്ട് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ചെയ്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. കോഴിക്കോട്ടെ ജനപ്രതിനിധികളും ആശുപത്രി വികസന സമിതിയുടെ ഉന്നയിച്ച ആവശ്യങ്ങളിൽ 99% വും അനുവദിക്കാൻ ഗവൺമെൻറ് തയ്യാറായി, യഥാസമയം അതിനുവേണ്ട നടപടി സ്വീകരിച്ചുകഴിഞ്ഞു. പക്ഷേ പ്രായോഗികമായ ചില കാരണങ്ങളാൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ ലഭിക്കാത്തതുകൊണ്ട് ചില കാര്യങ്ങൾ നടപ്പാക്കുന്നതിന് അൽപ്പംകൂടി സാവകാശമെടുക്കും. ഗവൺമെൻറ് ചെയ്യേണ്ടത് യഥാസമയം ചെയ്തുവെന്ന് ബഹുമാനപ്പെട്ട ശ്രീ. മുനീറിനെയും, ശ്രീ. സി. പി. ബാലൻവൈദ്യർ ഉൾപ്പെടെയുള്ള നിയമസഭാ സാമാജികൻമാരെയും ഈ സഭയെയും അറിയിക്കാൻ ഗവൺമെൻറിന് അതിയായ സന്തോഷമുണ്ട്. പോസ്റ്റുമോർട്ടത്തിനുള്ള മുറിയിലെ ഫ്രീസറിന്റെ കാര്യം ശ്രീ. മുനീർ പറഞ്ഞു. അത് എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അതേക്കുറിച്ച് ഞാൻ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

(6) ജപ്പാൻജ്വരംമൂലമെന്ന് സംശയിക്കപ്പെട്ട മരണങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കാഞ്ഞിരവിള ശ്രീ. ഭാസ്ക്കരന്റെ മകനും ചൂരക്കോട് എൻ. എസ്. എസ്. ഹൈസ്ക്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിയുമായ മാനോജ് 14 വയസ് മിനിഞ്ഞാന്ന് മരണമടയുകയുണ്ടായി. മെഡിക്കൽ കോളേജിൽനിന്ന് അവർക്ക് കുറിച്ചുകൊടുത്തിട്ടുള്ള റിപ്പോർട്ടിൽ cause of death ജപ്പാൻ ജ്വരമാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. 12-ാം തീയതി മെഡിക്കൽ കോളേജിൽവച്ചാണ് ആ കുട്ടി മരിച്ചത്. ആ കുട്ടിയുടെ അച്ഛൻ കൂലിപ്പണിക്കാരനാണ്. അമ്മ അംഗൻവാടി ഹെൽപ്പറാണ്. സാമ്പത്തികമായി വളരെ പരാധീനത അനുഭവിക്കുന്ന ഒരു സാധു കുടുംബമാണ്. ഇതിനു പുറമെ ഒരു സംഭവം കൂടി എന്റെ നിയോജകമണ്ഡലത്തിലുണ്ടായി. സൂസൻ മാത്യു എന്ന് പേരുള്ള ഒരു കുട്ടി ഇവിടെ മെഡിക്കൽ കോളേജിൽവച്ച് മരിച്ചു. ആ കുട്ടിയെ അസുഖം വന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഡോക്ടർ അവരോട് മരുന്നു പുറത്തുനിന്ന് വാങ്ങി കൊടുക്കണമെന്ന് പറഞ്ഞു. ജപ്പാൻ ജ്വരത്തിനാവശ്യമായ മരുന്നുകളാണ് അവർ വിദേശത്തുനിന്ന് വരുത്തികൊടുത്തത്. 52,000 രൂപയുടെ മരുന്നുകൾ ആ രക്ഷകർത്താക്കളെക്കൊണ്ട് അവർ വാങ്ങിപ്പിച്ചു. ഈ മരുന്നുകൾ കുട്ടിക്കുവേണ്ടിത്തന്നെ വിനിയോഗിക്കുകയും ചെയ്തു. മരണത്തിനുശേഷം മരണത്തിന് കാരണം ജപ്പാൻ ജ്വരമല്ലെന്ന് ഡോക്ടർമാർ പറഞ്ഞതായിട്ടാണ് ഗവൺമെൻറ് റിക്കോർഡിൽനിന്ന് എനിക്ക് മനസ്സിലാകുന്നത്. അപ്പോൾ അസുഖം ബാധിക്കുന്ന സമയത്ത് ചികിൽസയ്ക്ക് ചെല്ലുമ്പോൾ ഒരു നിലപാട് എടുക്കുകയും ചികിൽസ കഴിഞ്ഞതിനുശേഷം മറ്റൊരു നിലപാട് വരികയും ചെയ്യുമ്പോൾ ഈ അസുഖത്തിനല്ല ചികിൽസ നടത്തിയത് എന്നൊരു ചിന്ത പൊതുവേ ജനങ്ങളിൽ ഉണ്ടാകുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാവുകയാണ്. എന്ത് പിഴവാണ് അവിടെ സംഭവിച്ചതെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ഗൗരവമായി അന്വേഷിച്ച് നടപടിയെടുക്കണം. ജപ്പാൻ ജ്വരം പടർന്നു പിടിച്ച സമയത്ത് അവിടെ വളരെ വിപുലമായ സന്നാഹങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly